**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 905 — 13.06.12ൽ മറുപടിയ്ക്ക്

## അമ്പലപ്പുഴയിലെ ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.സുധാകരൻ | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) അമ്പലപ്പുഴ മണ്ഡലത്തിൽ സംസ്ഥാനടൂറിസം ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എം. എൽ. എ ചില പദ്ധതി നിർദ്ദേശങ്ങൾ നൽകിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (ബി) അമ്പലപ്പുഴയിലെ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങൾ പരിശോധിച്ച ശേഷം ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. കുഞ്ചൻ നമ്പ്യാർ സ്മൃതി മണ്ഢപത്തിന്റെ നവീകരണം<br>2. ഗലീലിയോ ബീച്ചിന്റെ വികസനം<br>3. തോട്ടപ്പള്ളി ബീച്ചിന്റെ വികസനം (കേന്ദ്ര സർക്കാരിന്റെ സഹായത്തിനായി പദ്ധതി സമർപ്പിച്ചിട്ടുണ്ട്) |
| (സി) അമ്പലപ്പുഴ എം. എൽ. എ സമർപ്പിച്ച ടൂറിസം പദ്ധതി നിർദ്ദേശങ്ങൾ പരിഗണിച്ച് സംസ്ഥാനടൂറിസം ഫണ്ടിൽ നിന്ന് ആവശ്യമായ തുക അനുവദിക്കുമോ;<br><br>(ഡി) അമ്പലപ്പുഴ മണ്ഡലത്തിൽ ടൂറിസം വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | **(സി) യും (ഡി)യും**<br>അമ്പലപ്പുഴയിലെ ഗലീലിയോ ബീച്ചിന്റെ നവീകരണത്തിനു വേണ്ടി പദ്ധതി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തകഴി മെമ്മോറിയൽ മ്യൂസിയം നവീകരിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കുഞ്ചൻ നമ്പ്യർ സ്മൃതി മണ്ഢപത്തിന്റെ നവീകരണത്തിനും ഇന്റർപ്രെട്ടേഷൻ സെന്ററിന്റെ നിർമ്മാണത്തിനും അനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പലപ്പുഴ മണ്ഡലത്തിൽ ഉൾപ്പെടുന്ന ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ സഹായത്താൽ നടപ്പാക്കുന്നതിനു വേണ്ടി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.<br>1. തോട്ടപ്പള്ളിയിലെ ഹൗസ് ബോട്ട് ടെർമിനലിന്റെ നിർമ്മാണം<br>2. തോട്ടപ്പള്ളി ബീച്ചിന്റെ വികസനം<br>3. കഞ്ഞിപ്പാടത്തെ ഹൗസ് ബോട്ട് ടെർമിനലിന്റെ നിർമ്മാണം |

സെക്ഷൻ ഓഫീസർ